പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3079 22.06.2012- ൽ മറുപടിയ്ക്ക്

മൃഗാശുപത്രിയ്ക്ക് കെട്ടിട നിർമ്മാണത്തിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) | കുട്ടനാട് നിയോജക മണ്ഡലത്തിൽ മങ്കൊമ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയ്ക്ക് കെട്ടിട നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി, മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. മങ്കൊമ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയ്ക്ക്, കെട്ടിടം നിർമ്മിക്കുന്നതിന്, 21.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള മൃഗാശുപത്രികളുടെ വികസനത്തിനായി, 75% കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതി പ്രകാരം, ടി മൃഗാശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി, നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ, 2403-101-72 (പ്ലാൻ)എന്ന ശീർഷകത്തിൽ, 13.4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 7.7 ലക്ഷം രൂപ പഞ്ചായത്താണ് ചെലവഴിക്കേണ്ടത്. |
| (ബി) | എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ള പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സാമ്പത്തികാനുമതി ലഭ്യമാക്കുമോ; | (ബി) ടി പ്രൊപ്പോസൽ, 75% കേന്ദ്ര സഹായ പദ്ധതിയുമായി ബന്ധപ്പെട്ടതായതിനാൽ, കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക്, സംസ്ഥാന സർക്കാരിന്, അനുമതിയ്ക്കായി നിർദ്ദേശം സമർപ്പിക്കുന്നതിനായി, നടപടികൾ സ്വീകരിച്ചുവരുന്നതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്. ബന്ധപ്പെട്ട പഞ്ചായത്തിലെ എൻജിനീയർക്ക് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ